LIBRARY ARCHIVES Kerala Legislative Assembly

ഭവനരഹിതർക്ക് വീട്

187 (4178) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രീ- ഫാബ്രിക്കറ്റഡ് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ഭവന നിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

വീട് നിർമ്മാണത്തിലെ ധൂർത്ത്

188 (4179) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യങ്ങൾ നിറവേറ്റും വിധവും ആഡംബരങ്ങൾ ഇല്ലാത്തതും ചെലവു കുറഞ്ഞതുമായ വീടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ ;

(ബി) ആവശ്യത്തിനു വലിപ്പമുള്ളവയും ചെലവു ചുരുങ്ങിയതുമായ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും സാധാരണക്കാരായ ജനങ്ങളെ സഹായിക്കുന്നതിനും കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭിക്കുവാനും ടാക്സ് ഇളവ് ലഭിക്കുവാനും ഓഫീസ് നടപടിക്രമങ്ങൾ എളുപ്പമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിസ്ഥിതിക്ക് ഇണങ്ങിയ ചെലവുകുറഞ്ഞ സുരക്ഷിത ഭവനങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസിയായ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടന്നുവരുന്നു. വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് Housing Guidance Cell-കളും പ്രവർത്തിച്ചുവരുന്നു. വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കുന്നതിലേക്കായി Cost Effective Environment Friendly ടെക്നോളജിയെപ്പറ്റിയുള്ള അവബോധം വളർത്തുന്നതിനായി വിവിധ പരിശീലന പരിപാടികളും നിർമ്മിതി കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും നടത്തിവരുന്നു.

(ബി) കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 10 കലവറ യൂണിറ്റുകളും 10 പ്രൊഡക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 7 കലവറകളുടെ പ്രവർത്തനം കൂടി ഉടൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ചെലവ് ചുരുങ്ങിയതും 600 സ്ക്വയർ ഫീറ്റിൽ താഴെയുള്ളതുമായ വീട് നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% വില കുറച്ച് സ്റ്റീൽ, സിമന്റ് എന്നിവ നൽകിവരുന്നു. നിർമ്മിതിയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് വീട് നിർമ്മിക്കുന്ന ഉടമകൾക്ക് പ്രോത്സാഹനമായി ബിൽഡിംഗ് ടാക്സിൽ 25% കുറവ് നൽകി വരുന്നുണ്ട്. എറണാകുളം, പാലക്കാട്, പാല, മുട്ടം, വട്ടിയൂർക്കാവ്, അടൂർ എന്നീ മാതൃകാ നിർമ്മിതി കേന്ദ്രങ്ങൾ വഴി ഒരു വീട് വയ്ക്കുന്നതിനാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ലഭ്യത, സ്റ്റീൽ, സിമന്റ്, പ്രവൃത്തി ഏറ്റെടുക്കൽ എന്നിങ്ങനെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ നൽകിവരുന്നു. ഭവന നിർമ്മാണ ബോർഡ് മുഖേന ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവന രഹിതർക്കായി പണിയുവരുന്ന സാഫല്യം പദ്ധതിയിൽ ചെലവുകുറഞ്ഞ GFRP(ഗ്ലാസ് ഫൈബർ റീഇൻഫോഴ്സ്ഡ് ജിപ്സം) പാനൽ ഉപയോഗിച്ചുള്ള നിർമ്മാണ രീതി പ്രയോഗിച്ചുവരുന്നുണ്ട്.

ഭവനശ്രീ പദ്ധതി- വായ്പാ തിരിച്ചടവ്

189 (4180) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനശ്രീ പദ്ധതിയിൽ പണം കടമെടുത്തവരുടെ കുടിശ്ശിക സർക്കാർ അടച്ചുതീർക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതു കാലയളവിലുള്ള കടങ്ങൾക്കാണ് അതു ബാധകമാക്കിയിട്ടുള്ളത് ;

(ബി) കടം അടച്ചുതീർത്താലും ബാങ്കുകൾ ആധാരം തിരിച്ചുനൽകാത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, അത്തരം പരാതികളിൽ പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; നൽകിയിട്ടില്ലെങ്കിൽ നിർദ്ദേശം നൽകാൻ ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly